Week-4

# Shadow of Prayer - Jerusalem

## പ്രാർത്ഥനയുടെ നിഴൽ - യെറുശലേം)-

### അപ്പോ: പ്രവ: 22:17




ഏറെ വർഷങ്ങൾക്കുമുൻമ്പ് ജെ.എച്ച്. ക്രോവെൽ എന്ന് പേരുള്ള ഒരു ക്രിസ്തീയ വിശ്വാസി ഒരു കപ്പലിൽ ജോലിക്കാരനായിത്തീർന്നു ജോലിക്കായി പുറപ്പെടുമ്പോൾ ക്രിസ്തിയ വിശ്വാസത്തിന് എതിരായി യാതൊന്നും പറയുകയോ ചെയ്യുകയോ അരുതെന്ന് അമ്മ ഉപദേശിച്ചിരുന്നു കപ്പൽ ജോലിക്കാരിൽ ക്രോവെൽ മാത്രമേ ക്രിസ്തീയ വിശ്വാസി ആയിട്ട് ഉണ്ടായിരുന്നുള്ളു. അതിനാൽ മറ്റുള്ളവർ ഒത്തുകൂടി അവനെ പരിഹസിച്ചു ലഘുവായി തുടങ്ങിയ പീഢനം കഠിനമാക്കിയവർ അവനെ കയറുകെട്ടി കടലിൽ എറിയുവാൻ ആലോചന നടത്തിയപ്പോഴും അവൻ അവർക്കുവേണ്ടി പ്രർത്ഥിച്ചു, കടലിൽ എറിയും മുൻപ് ഒരപേക്ഷയുണ്ടെന്ന് ക്രോവെൽ  ശത്രുക്കളെ അറിയിച്ചു ആഗ്രഹം ഇപ്രകാരമായിരുന്നു "തന്റെ ശരീരം മാതാവിനെ ഏല്പിക്കണം എന്നും അവസാനം വരെ അമ്മ പറഞ്ഞതുപോലെ ജീവിച്ചിരുന്നു എന്നറിയിക്കണം" എന്നുമായിരുന്നു അവസാനം വരെ വിശ്വാസംകാത്ത് വിശ്വസ്തതയോടെ ജീവിച്ചു എന്ന വാചകം ശത്രുക്കുളുടെ കഠിനഹൃദയത്തിന് മാറ്റം വരുത്തിയതിനാൽ അവർ

അവനെ കടലിൽ എറിഞ്ഞില്ല. ആ ജോലിക്കാർ എല്ലാവരും അവൻ വിശ്വസിച്ച ദൈവത്ത അറിയുവാൻ തയാറാക്കുകയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു.

വെളിച്ചത്തിനുമാത്രമേ അന്ധകാരത്തെ മാറ്റുവാൻ കഴിയുകയുള്ളു. ഇരുളിന് വെളിച്ചത്തെ നീക്കുവാൻ കഴിയുകയില്ലെങ്കിലും പകയ്ക്കുവാൻ കഴിയും. യെറുശലേമിൽ പാർക്കുന്നവർക്കേ ഇരുളിലുള്ളതിനെ വെളിച്ചത്താക്കുവാൻ കഴിയുകയുള്ളു വായനഭാഗത്ത് പിന്നെ ഞാൻ മടങ്ങിവന്നു എന്ന് പറയുമ്പോൾ മുൻപ് ചെയ്ത ഏതോ ഒരു പ്രവർത്തിക്കുശേഷമാണ് ശൗൽ യെറുശലേമിൽ വന്നത് എന്ന് മനസ്സിലാക്കാം ആപ്രവർത്തിക്കായി യെറുശലേം വിട്ട് ദമസ്കോസിലേക്ക് പോകുന്നു. ദൈവസന്നിധി വിട്ട് അകന്നാലും ദൈവത്തിന് ഉപയോഗിക്കേണ്ടവരെ അദ്ദേഹം പിൻ തുടർന്ന് പിടിച്ചിരിക്കും. ശൗൽ എന്തിനുപോയി എന്നറിയുവാൻ Read അപ്പോ : പ്രവ: 22:4,5 വാഗ്ദത്ത സന്തതികളെ ഉപദ്രവിക്കുവാൻ സന്തോഷമുള്ള ജഢീക സന്തതികൾ അന്നും ഇന്നും ഉണ്ട് അതിനുള്ള അധികാരപത്രവും അവരുടെ കൈവശമുണ്ട്. എന്നാൽ ദൈവീക പ്രകാശത്തിനു മുൻപിൽ അവർ ഒന്നും ഇല്ല എന്ന് തെളിയിക്കുന്നു ശൗൽ കണ്ട വെളിച്ചം Read അപ്പോ : പ്രവ: 22:6,11 അകന്നുപോയവനെ മടക്കിക്കൊണ്ടുവരികമാത്രമല്ല തനിക്ക് ഉപയോഗമുള്ളവനാക്കി മാറ്റുവാനുള്ള പദ്ധതികളും ദൈവം തന്നെ ചെയ്യുന്നു. ദമസ്ക്കോസിൽ പാർക്കന്നവരിൽ നല്ല സാക്ഷ്യമുള്ള അനന്യാസ് എന്ന് പുരുഷന്റെ അടുക്കൽ ചെല്ലുംവെര മൂന്നു ദിവസം അവന് അനുതാപത്തിന്റെ കാലയളവ് ആയിരുന്നു.

Read അപ്പോ : 22:14-16 ഈ ഭാഗത്ത് ശൗലിന് കാഴ്ച നൽകുവാൻ പ്രാർത്ഥിച്ചശേഷം എന്തിന് ദൈവം അവനെ കണ്ടെത്തി വിളിച്ച് വേർതിരിച്ചു എന്നും ഇനി യെറുശലേമിൽ മടങ്ങി എത്തേണ്ട വ്യക്തി എന്തെല്ലാം ചെയ്യണമെന്നും അനന്യാസ് വ്യക്തമാക്കിക്കൊടുക്കുന്നു ഇതുവരെയും കൈവശമുണ്ടായിരുന്ന അധികാരപത്രം കൊണ്ട് ഇനിവിശേഷമില്ല എന്ന് മനസ്സിലാക്കിയ ശൗൽ അനന്യാസിന്റെ കൈക്കീഴിൽ സ്നാനം ഏറ്റു. തുടർന്നാണ് അവൻ യെറുശലേമിലെ ദൈവാലയത്തിൽ പ്രാർത്ഥിപ്പാൻ എത്തിയത്. തുടർന്ന് എന്ത് സംഭവിച്ചു എന്ന് അപ്പോ : പ്രവ: 22:17ൽ കാണുന്നു.ഒന്നാമതായി നീതിമാനായവനെ കണ്ടു

തുടർന്ന് അവന്റെ വായിൽ നിന്ന് വചനം കേൾക്കുകയും ചെയ്തു. ഈ ഭാഗ്യം ലഭിച്ചത് ആത്മാവിൽ പ്രാർത്ഥിച്ചപ്പോൾ ഉണ്ടായ വിവശതമൂലമാണ്. തുടർന്ന് ഒരു വലിയ ചുമതല ദൈവം ഏല്പിച്ചു എന്ന് അപ്പോ : പ്രവ: 22:21)-ാം വാക്യത്തിൽ കാണുന്നു. ദൈവനിയോഗം എപ്പോഴും നമ്മുടെ ആഗ്രഹങ്ങളേക്കാൾ വലുതാണ്. ജംതികളുടെ ഇടയിൽ ദൈവത്തിന്റെ സാക്ഷിയായി പ്രവർത്തിപ്പാൻ യെറുശലേമിൽ വച്ചു പ്രാപിച്ച പരിശുദ്ധാത്മശക്തി അദ്ദേഹത്തെ സഹായിച്ചു. ആത്മവിവശതയിലായ യോഹന്നാൽ അപ്പോസ്തോലനും എവിടെ വച്ച് ആ ഭാഗ്യം ലഭിച്ച എന്നും ലഭിച്ച ചുമതല എന്തെന്നും അറിവാൻ വെളി:1:9-11 വരെയുള്ള ഭാഗം വായിക്കുക യെറുശലേം പ്രാർത്ഥനയുടെ നിഴലാകണമെങ്കിൽ നാം ദൈവസന്നിധിയിലെത്തേണ്ടത് എപ്രകാരം

***(1) നിഷ്ക്കളങ്ക ഹൃദയത്തോടെ സദൃ :15:8)***

ദൈവരാജ്യത്തിന് അവകാശികളാകണമെങ്കിൽ ശിശുസഹജമായ നിഷ്ക്കളങ്കതയോടെ ജീവിക്കണം. ദുഷ്ടന്റെ യാഗത്തിലല്ല നേരുള്ള വരുടെ യാഗത്തിലാണ് ദൈവം പ്രസാദിക്കുന്നത്. അപ്പോൾ നിശ്ചയമായും നമുക്ക് ദൈവസാന്നിധ്യം അനുഭവിപ്പാൻ കഴിയുന്നു. (സങ്കീ: 73:1) ശുദ്ധ ഹൃദയത്തോടെയുള്ള വിശ്വാസിയുടെ പ്രാർത്ഥിന രോഗ സൗഖ്യത്തിന് നിദാനമാകുന്നു.

***(2) പ്രതിസന്ധികളെ ഭയപ്പെടരുത്***

look അപ്പോ: 4:3,5:40-41

പ്രതിസന്ധികളിൽ അപ്പോസ്തോലന്മാർ ഒന്നിച്ചിരുന്ന് പ്രാർത്ഥിച്ചു. അപ്പോ: പ്രവ: 4:29-31 തങ്ങൾ നേരിടുന്ന ഭീഷണികൾ ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിച്ചപ്പോൾ ദൈവസാന്നിദ്ധ്യം അറിയിക്കുവാനായി ഭൂമി ഒന്ന് കുലുങ്ങി. പ്രതികൂലത്തിൽ പ്രാർത്ഥിക്കുന്നവനേ ദൈവസാന്നിദ്ധ്യത്തിന്റെ മഹത്വം അറിയുവാൻ കഴിയുകയുള്ളു.

***(3) പ്രാർത്ഥന വരുത്തുന്ന രൂപന്തരം***

പ്രാർത്ഥന നിലവിലുള്ള സ്ഥിതിഗതികളെ മാറ്റുകമാത്രമല്ല നമ്മുടെ ശത്രുക്കളുടെ ഹൃദയത്തെയും മാറ്റുന്നു job 42:10 യെശ 41:12

*4, ഇടവിടാതെ പ്രാർത്ഥിക്കണം -*

ബഹുമാനപ്പെട്ട ജോർജ്ജ് മുള്ളർ പറഞ്ഞതു പോലെ ഏതു പ്രവർത്തിചെയ്യുമ്പോഴും പ്രാർത്ഥിക്കുന്നവരാകുക. അലസന്മാരുടെ പ്രാർത്ഥനയല്ല പ്രവർത്തിക്കുന്നവരുടെ പ്രാർത്ഥനയാണ് യഹോവയ്ക്കിഷ്ടം. ഉദാ: 1രാജ 18:31-41.

പ്രീയരേ : അനുഗ്രഹമാരിയുടെ മുഴക്കം കേൾക്കുവാൻ (യെറുശലേമിനെ) നാം പാർക്കുന്നിടം പ്രാർത്ഥനയുടെ നിഴലാക്കുവാൻ ഈ 4 ഗുണങ്ങൾ ഉള്ളവരായി ജനം രുപാന്തരപ്പെടുവാൻ സഭ പ്രവർത്തിയും പ്രാർത്ഥനയും ഉള്ളതാകുവാൻ ദൈവം സഹായിക്കട്ടെ.


*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg